**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ത.സ്വ.ഭ.വ - ശ്രീ.കെ.ഐ.പൗലോസ് ഫയൽ ചെയ്ത Contempt Case No.1202/18-ന്മേലുള്ള (WP(c) No.28897/2017) ബഹു. ഹൈക്കോടതിയുടെ 03.08.2018 ലെ വിധിന്യായം നടപ്പാക്കുന്നതിനായി നബാർഡ് - ആർ.ഐ.ഡി.എഫ്. ഇടുക്കി പാക്കേജിൽ ഉൾപ്പെട്ട ഓടക്കാസിറ്റി - ചാലിസിറ്റി - നാരകക്കാനം - അൽഫോൺസ നഗർ റോഡിന്റെ നിർമ്മാണപ്രവൃത്തിയുടെ എക്സസ് തുക നൽകുന്നതിനായി ഇടുക്കി ജില്ലാ പഞ്ചായത്തിന് മുൻകൂറായി അനുവദിച്ച 1,69,68,994/- രൂപയിൽ നിന്നും പ്രവൃത്തി നിർവഹിച്ച കരാറുകാരന് നല്കേണ്ട തുക 3 ദിവസത്തിനുള്ളിൽ നൽകാൻ നിർദ്ദേശം നല്കി ഉത്തരവാകുന്നു

**തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ്**

**സ.ഉ.(സാധാ) നം.2272/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/08/2018

പരാമർശം:- 1 ബഹു: കേരള ഹൈ കോടതി WP(C) No.28897/2017 ൽ പുറപ്പെടുവിച്ച 07/03/2018 ലെ വിധിന്യായം

2 സ.ഉ(സാധാ)നം.1395/2018/ത.സവ.ഭ.വ തീയതി 19/05/2018

3 സ.ഉ(സാധാ)നം.1725/2018/ ത.സവ.ഭ.വ തീയതി 25/06/2018

4 ശ്രീ.കെ.ഐ.പൗലോസ് ഫയൽ ചെയ്ത Contempt Case No.1202/18 ലെ 03.08.2018 ലെ കോടതി വിധി.

5 സ.ഉ(സാധാ)നം. 6723/2018/ധന. തീയതി 06/08/2018

**<u>ഉത്തരവ്</u>**

ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച് "ഓടക്കാസിറ്റി - ചാലിസിറ്റി -നാരകക്കാനം - അൽഫോൺസാ നഗർ റോഡ് (നബാർഡ്-ആർ,ഐ.ഡി.എഫ്.)" എന്ന പ്രവൃത്തി നിർവ്വഹിച്ച വകയിൽ നൽകാനുള്ള അധിക തുകയായ 16968994/- രൂപ (കരാറാകാരന് നൽകേണ്ട തുക Rs. 1,57,43,629/- + LBS ന് നൽകേണ്ട് തുക 7,16,295/- ഇൻകം ടാക്സ് 3,39,380/- ക്ഷേമനിധി വിഹിതം 1,69,690/-) ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ നടപ്പു സാമ്പത്തിക വർഷത്തെ (2018-19) വികസനഫണ്ടിൽ നിന്നും നൽകുവാൻ അനുമതി നല്കി പരാമർശം (1) ലെ ബഹു.ഹൈക്കോടതി വിധിന്യായം നടപ്പിലാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നിലവിലെ സാഹചര്യത്തിൽ ടി തുക നൽകുവാൻ ജില്ലാ പഞ്ചായത്തിന് സാധിക്കുകയില്ലെന്നും ആയതിനാൽ സർക്കാരിൽ നിന്നും തുക അനുവദിക്കണമെന്നും ജില്ലാ പഞ്ചായത്ത് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് കരാറകാരൻ

1202/18 നമ്പരായി Contempt Case ഫയൽ ചെയ്ത സാഹചര്യം കണക്കിലെടുത്ത് പരാമർശം (3) പ്രകാരം കരാറുകാരന് നൽകാനുള്ള അധിക ടെണ്ടർ തുക ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വികസന ഫണ്ടിൽ നിന്നും അടിയന്തരമായി അനുവദിച്ച് നൽകുവാൻ സർക്കാർ വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും തുക സർക്കാർ തന്നെ നൽകണമെന്ന നിലപാടിൽ ജില്ലാ പഞ്ചായത്ത് ഭരണസമിതി ഉറച്ച് നിൽക്കുകയാണുണ്ടായത്.

2. കരാറുകാരനായ ശ്രീ.കെ.ഐ.പൗലോസ് ഫയൽ ചെയ്ത Contempt Case No.1202/18- ൽ പരാമർശം (4) പ്രകാരം ബഹു.ഹൈക്കോടതി താഴെപറയും പ്രകാരം ഉത്തരവായിരുന്നു.

***"Taking note of the directions in the judgment dated 07.03.2018 and explanation now offered for not effecting payment as directed within the time granted, the respondent is granted time till 06.09.2018 for effecting payment as directed. It is made clear that, if the payment as directed is not made by that date, the respondent shall be personally present in chamber on 07.09.2018 at 1.20PM "***

3. സർക്കാർ ഇക്കാര്യം വീണ്ടും വിശദമായി പരിശോധിക്കുകയും പരാമർശം (5) സർക്കാർ ഉത്തരവ് പ്രകാരം, നബാർഡ് - ആർ.ഐ.ഡി.എഫ്. ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ച "ഓടക്കാസിറ്റി - ചാലിസിറ്റി -നാരകക്കാനം - അൽഫോൺസാ നഗർ റോഡിന്റെ അധിക ടെണ്ടർ തുകയായ 1,69,68,994/- രൂപ (ഒരു കോടി അറുപത്തി ഒൻപത് ലക്ഷത്തി അറുപത്തിഎണ്ണായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി നാല് രൂപ മാത്രം) ഇടുക്കി ജില്ലാ പഞ്ചായത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ ഇനി അനുവദിക്കാനുള്ള വികസന ഫണ്ടിന്റെ ഗഡുവിൽ നിന്നും പലിശയില്ലാതെ തിരിച്ച് പിടിക്കുന്നതാണെന്ന വ്യവസ്ഥയിൽ '3604-00-200-86-(03)-35' എന്ന കണക്ക് ശീർഷകത്തിൽ നിന്നും മുൻകൂറായി അനുവദിച്ച് ഉത്തരവാകുകയും ചെയ്തു.

4. മേൽ സാഹചര്യത്തിൽ, പ്രസ്തുത പ്രവൃത്തിക്കായി പരാമർശം (5) ഉത്തരവ് പ്രകാരം സർക്കാർ ഇടുക്കി ജില്ലാ പഞ്ചായത്തിന് മുൻകൂറായി അനുവദിച്ച ടെണ്ടർ തുകയായ 1,69,68,994/- രൂപയിൽ നിന്നും കരാറുകാരന് നൽകേണ്ട തുക 3 ദിവസത്തിനുള്ളിൽ കൈമാറി വിവരം സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. പ്രസ്തുത സർക്കാർ നിർദ്ദേശം പാലിക്കാത്ത പക്ഷം ഭാവിയിൽ ഇടുക്കി പഞ്ചായത്തിന് പ്ലാൻ ഫണ്ട് വകയിരുത്തുന്ന കാര്യത്തിൽ സർക്കാർ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോള് എബ്രഹാം**
**അഡീഷണല് സെക്രട്ടറി**

പകർപ്പ് :
ഇടുക്കി ജില്ലാ പഞ്ചായത്ത് , പ്രസിഡന്റ് ,
ഇടുക്കി ജില്ലാ പഞ്ചായത്ത്, സെക്രട്ടറി ,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ),കേരള, തിരുവനന്തപുരം
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം.
ധനകാര്യവകുപ്പ് (No. 573552/NC-A4/84/2017-FIN. dated 07.08.2018)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ മിഷൻ കേരള, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2018.08.. 13:27:21 IST
Reason: Approved
സെക്ഷൻ ഓഫീസർ